● ഹഫീളുർറഹ്മാൻ അഅ്ളമി



# ഖുർആനിക സംവാദ ശൈലിയുടെ ശാസ്ത്രീയ അമാനുഷികത

വിശുദ്ധ ഖുർആനിലെ സംഭാഷണ ഭാഷ, ഖുർആനിലെത്തന്നെ സംഭാഷണ രീതിശാസ്ത്രമെന്ന പൂർണ വിഷയത്തിന്റെ ഒരു ഭാഗമാണ്. ശീർഷകത്തിലെ ഓരോ പദവും പ്രത്യേകം പ്രത്യേകം വിശകലനം ചെയ്തുവേണം ഈ വിഷയം തെരഞ്ഞെടുത്തതിന്റെ ശാസ്ത്രീയവും രീതിശാസ്ത്രപരവുമായ ന്യായം മനസ്സിലാക്കാൻ.

**സംഭാഷണത്തിന്റെ പ്രസക്തി**

മാനവസമൂഹം മൊത്തത്തിൽ തന്നെ ഇന്ന് യഥാർത്ഥത്തിൽ സംഭാഷണ പ്രതിസന്ധി നേരിടുന്നുണ്ട്. നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന മിക്ക പ്രശ്നങ്ങളും സംഭാഷണം വഴി തീരെ ഒഴിവാക്കുകയോ, ലഘൂകരിക്കുകയോ, അവയുടെ നിഷേധാത്മകവശം കുറയ്ക്കുകയോ ചെയ്യാൻ കഴിയുമെന്നതാണ് വാസ്തവം. ഭരണകൂടവും ഭരണീയരും, സമൂഹങ്ങളും വ്യക്തികളും മറ്റും തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങളുടെ മുഖ്യകാരണം സംഭാഷണമില്ലായ്മയാണ്. മാതാപിതാക്കളും മക്കളും തമ്മിലും, ഭാര്യാ-ഭർത്താക്കന്മാർ തമ്മിലും നിലനിൽക്കുന്ന പല പ്രശ്നങ്ങളുടെയും യഥാർത്ഥ മർമം മറ്റൊന്നല്ല. ഇസ്‌ലാമിസ്റ്റുകളും സെക്യുലരിസ്റ്റുകളും ഉൾപ്പെടെ വിവിധ ആശയധാരകൾ തമ്മിലും ഈ അകൽച്ച നിലവിലുണ്ട്.

**ഖുർആന്റെ റോൾ**

സംഭാഷണത്തിലെ ഭാഗധേയം എങ്ങനെയായിരിക്കണമെന്നതിന് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഖുർആനാണ് ആധാരം. വിജയകരമായ സംഭാഷണത്തിന്റെ പ്രഥമോപാധി അഥവാ, നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ ബന്ധങ്ങൾ മോശമാകാതിരിക്കാനെങ്കിലും – സംഭാഷണം ഇരുകക്ഷികളും പങ്കുവെക്കുന്ന സംയുക്ത ഭൂമികയിൽ വെച്ചായിരിക്കണം. ഈ അർഥത്തിൽ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം വിധി തേടാവുന്ന സ്രോതസ്സ് ഖുർആനാണ്.

**ഭാഷയും സംഭാഷണവും**

ഖുർആൻ മൗലികമായി അറബി ഭാഷാ നിയമങ്ങൾ പാലിച്ചും, ഭാഷാ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചും

അവതീർണമായ ഗ്രന്ഥമാണ്. ഇത് അല്ലാഹുവിന്റെ തീരുമാനമാണ്, മറ്റാരുടെയും ഇടപെടലല്ല. അല്ലാഹു മനുഷ്യരുമായി ഈ ഭാഷയിലൂടെയാണ് ബന്ധപ്പെടാൻ തീരുമാനിച്ചത്. അതുകൊണ്ടുതന്നെ, അറബി ഭാഷ പ്രായോഗിക പശ്ചാത്തലത്തിലാണ് രൂപപ്പെട്ടിട്ടുള്ളത്.

وما أرسلنا من رسول إلا بلسان قومه ليبين لهم

'നാം ഒരു ദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ അയച്ചിട്ടില്ല; അദ്ദേഹം അവർക്ക് വിശദീകരിച്ച് നൽകാൻ' (ഇബ്റാഹീം:4) എല്ലാ പ്രവാചകന്മാരും താന്താങ്ങളുടെ സമൂഹത്തിന്റെ ഭാഷയിലായിരുന്നു സംസാരിച്ചിരുന്നത്. ഇതുപ്രകാരം ഖുർആൻ അറബി ഭാഷയിലായി. അറബി ഭാഷയുടെ സങ്കേതങ്ങൾ ഉപയോഗിച്ച് സംഭാഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച അന്വേഷണമാണ് താഴെ:

ഖുർആന്റെ ടെക്സ്റ്റും, ഭാഷയും സംഭാഷണ വിഷയകമായ ഉറച്ച രണ്ട് ഭൂമികകളാണ്. അറബിഭാഷാ നിയമങ്ങൾക്ക് വിധേയമായാണ് ഖുർആൻ അവതരിച്ചതെന്നതിനാൽ, ഭാഷാ നിയമങ്ങൾക്ക് വിധേയമായാണ് പൂർവിക പണ്ഡിതന്മാർ അതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. അറബി ഭാഷാ നിയമങ്ങൾ അവലംബിക്കാതെ ഖുർആനികാശയങ്ങൾ കണ്ടെടുക്കാനുള്ള ശ്രമം അക്കാരണത്താൽ പരാജയത്തിലാണ് കലാശിക്കുക. ഖുർആൻ സൂക്തങ്ങൾ തമ്മിൽ വൈരുധ്യം തോന്നുന്ന ഘട്ടങ്ങളിൽ ഭാഷാപരമായും, സാങ്കേതികമായും, സാന്ദർഭികമായും സമഗ്രമായ ഭാഷാ വിശകലനമാണ് നടക്കേണ്ടത്.

**ഖുർആൻ സംഭാഷണം ആവശ്യപ്പെടുന്നുണ്ടോ?**

വിശുദ്ധ ഖുർആൻ സംഭാഷണം ആവശ്യപ്പെടുന്നുണ്ടോ? അതോ, ഉന്നതങ്ങളിൽ നിന്നുള്ള അല്ലാഹുവിന്റെ ആഹ്വാനം എന്ന നിലയിൽ അതേറ്റുവാങ്ങാൻ മനുഷ്യരോട് ആവശ്യപ്പെടുകയാണോ? അതുമല്ലെങ്കിൽ, സംഭാഷണത്തിന്റെ ലക്ഷ്യത്തിന്റെ നേർവിപരീതമായി ആളുകളെ അകറ്റുകയാണോ ചെയ്യുന്നത്? വ്യാഖ്യാനങ്ങൾക്കപ്പുറം ഭാഷാപരമായിത്തന്നെ ഇതിലേതാണ് ഖുർആന്റെ താൽപര്യം എന്ന് നമുക്ക് എങ്ങനെ സ്ഥാപിക്കാൻ കഴിയും?

മുന്നോട്ട് വെക്കുന്ന എല്ലാ വാദങ്ങൾക്കും ഖുർആൻ ന്യായം സമർപ്പിക്കുന്നുണ്ടെന്നാണ് ചില ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതായത്, ഖുർആന്റെ വാദങ്ങൾക്ക് ഖുർആൻ തന്നെ സ്വയം ധന്യമാണ്. പുറമെനിന്ന് സഹായം തേടേണ്ടതില്ല. അത് ഉന്നയിക്കുന്ന വാദങ്ങളും രീതിശാസ്ത്രങ്ങളും, ചിഹ്നങ്ങളുമെല്ലാം അത് തന്നെ സമർപ്പിക്കുന്ന പദങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്തെടുക്കാവുന്നതേയുള്ളൂ.

ഖുർആൻ സംഭാഷണത്തിനായി ക്ഷണിക്കുകയും, മറുപക്ഷത്തുള്ളവരെ അംഗീകരിക്കുകയും, അവർക്ക് അഭിപ്രായ പ്രകാശനത്തിന് അവസരം നൽകുകയും, അത് ഉയർത്തിപ്പിടിക്കുന്ന സത്യത്തിന്റെ നേർവിപരീതം ഉന്നയിക്കാൻ വരെ അനുവദിക്കുകയും ചെയ്യുന്നു. ഖുർആനിലെ قال (പറഞ്ഞു) എന്ന ക്രിയയും قول (പറയൽ) എന്ന ധാതുവും വിവിധ രീതിയിൽ വിശകലനം ചെയ്താൽ തന്നെ ഈ ആശയം സുതരാം വ്യക്തമാവും. ق و ل എന്ന പദം വ്യത്യസ്ത രൂപങ്ങളിലായി 1722 തവണ ഖുർആനിൽ പ്രയോഗിച്ചിരിക്കുന്നു. 'കലാം' (സംസാരം), 'ഖൗൽ' (വാക്ക്) എന്നിവ വേർതിരിച്ചു മനസ്സിലാക്കണം. 'കലാം' എന്നത് അല്ലാഹുവിന്റെ സംസാരത്തിന്നാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ, 'ഖൗൽ' എന്നത് അല്ലാഹു, പ്രവാചകന്മാർ, മനുഷ്യർ, ജിന്ന്, ഇബ്‌ലീസ്, പിശാചുക്കൾ, വേദവിശ്വാസികൾ, ബഹുദൈവവിശ്വാസികൾ, ഖുർആനിലെ വ്യത്യസ്ത കഥാപാത്രങ്ങൾ, കപടവിശ്വാസികൾ, ഗ്രാമീണ അറബികൾ തുടങ്ങിയ വ്യത്യസ്ത വ്യക്തിത്വങ്ങളിലേക്ക് ചേർത്ത് ഉപയോഗിച്ചിരിക്കുന്നു. 'ഖൗൽ' എന്നതിന്റെ നാൽപത്തിയൊമ്പത് വ്യത്യസ്ത രൂപങ്ങൾ ഖുർആനിൽ പ്രയോഗിച്ചിരിക്കുന്നു. അല്ലാഹുമാത്രം വക്താവായി قال (അവൻ പറഞ്ഞു), يقول (അവൻ പറയുന്നു), قُلْتُ (ഞാൻ പറഞ്ഞു), قُلْنَا (നാം പറഞ്ഞു) എന്നുമാത്രമാണ് ഖുർആൻ പ്രയോഗിച്ചതെങ്കിൽ قول എന്ന പദം സംഭാഷണ സൂചകമായി എടുത്തുപറയുന്നതിൽ അർഥമുണ്ടാകുമായിരുന്നില്ല. അതിന്ന് അത്യുന്നതങ്ങളിൽ




**ഖുർആൻ മൗലികമായി അറബി ഭാഷാ നിയമങ്ങൾ പാലിച്ചും, ഭാഷാ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചും അവതീർണമായ ഗ്രന്ഥമാണ്. ഇത് അല്ലാഹുവിന്റെ തീരുമാനമാണ്, മറ്റാരുടെയും ഇടപെടലല്ല. അല്ലാഹു മനുഷ്യരുമായി ഈ ഭാഷയിലൂടെയാണ് ബന്ധപ്പെടാൻ തീരുമാനിച്ചത്. അതുകൊണ്ടുതന്നെ, അറബി ഭാഷ പ്രായോഗിക പശ്ചാത്തലത്തിലാണ് രൂപപ്പെട്ടിട്ടുള്ളത്.**

നിന്ന്, ഏകചിന്തയും ഏകാഭിപ്രായവും താഴോട്ട് അടിച്ചേൽപ്പിക്കുക എന്നായിരിക്കും അർഥം. അഭിസംബോധകൻ, അഭിസംബോധിതൻ, സ്ത്രീ, പുരുഷൻ, ദ്വിവചനം, ബഹുവചനം, നേരിട്ട്, അല്ലാതെ എന്നിങ്ങനെ നാൽപത്തിയൊമ്പത് വ്യത്യസ്തരീതികൾ ഖുർആൻ ഉപയോഗിച്ചിരിക്കുന്നു.

قال അവൻ പറഞ്ഞു (529) يقولون അവർ പറയും/അവർ പറയുന്നു (92), قالوا അവർ പറഞ്ഞു, قل താങ്കൾ പറയൂ(332), قولوا നിങ്ങൾ പറയൂ(13), قيل പറയപ്പെട്ടു(49), قول വാക്ക് (52), قولهم അവരുടെ വാക്ക്(12) എന്നിങ്ങനെയാണ് പ്രയോഗിച്ചിരിക്കുന്നത്. ഖുർആനിൽ ഈ പദരൂപങ്ങൾ ഇത്രയും വർധമാനമായ രൂപത്തിൽ പ്രയോഗിച്ചതിൽ നിന്ന് താഴെ വസ്തുതകൾ ഗ്രഹിക്കാം:



← ആഇശഃ അബ്ദുർറഹ്മാൻ

**അറബിഭാഷാ നിയമങ്ങൾക്ക് വിധേയമായാണ് ഖുർആൻ അവതരിച്ചതെന്നതിനാൽ, ഭാഷാ നിയമങ്ങൾക്ക് വിധേയമായാണ് പൂർവിക പണ്ഡിതന്മാർ അതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. അറബി ഭാഷാ നിയമങ്ങൾ അവലംബിക്കാതെ ഖുർആനികാശയങ്ങൾ കണ്ടെടുക്കാനുള്ള ശ്രമം ഇക്കാരണത്താൽ പരാജയത്തിലാണ് കലാശിക്കുക. ഖുർആൻ സൂക്തങ്ങൾ തമ്മിൽ വൈരുധ്യം തോന്നുന്ന ഘട്ടങ്ങളിൽ ഭാഷാപരമായും, സാങ്കേതികമായും, സാന്ദർഭികമായും സമഗ്രമായ ഭാഷാ വിശകലനമാണ് നടക്കേണ്ടത്.**

**1**

'അവൻ പറഞ്ഞു' , 'അവർ പറഞ്ഞു', 'അവർ പറയുന്നു', 'അവരുടെ വാക്ക്' മുതലായവ, സംസാരത്തിന് തുടക്കം കുറിച്ച ഒരു അപരന്റെ നിറസാന്നിധ്യം വ്യക്തമായും സൂചിപ്പിക്കുന്നു. ഒരു മനുഷ്യ രചനയിൽ അപരസാന്നിധ്യം ഇത്രയും വർധിതരീതിയിൽ കണ്ടാൽ നാം മനസ്സിലാക്കുക, ഗ്രന്ഥകാരൻ മറ്റുള്ളവരുടെ അവകാശങ്ങൾ അംഗീകരിക്കുകയും അവർക്ക് സംഭാഷണത്തിന് തുറന്ന അവസരം നൽകുകയും ചെയ്യുന്നു എന്നാണ്. വ്യത്യസ്ത ശബ്ദങ്ങളും സംഭാഷണങ്ങളും ഉൽപാദിപ്പിച്ച് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു എന്നാണ്. ഇത് അല്ലാഹുവിന്റെ വചനസമാഹാരമായ ഖുർആനിലാകുമ്പോൾ കൂടുതൽ ശ്രദ്ധേയമാണ്.

**2**

അല്ലാഹുവിന്റെ വചനം എന്ന നിലയിൽ ഖുർആൻ ഏറെ സമുന്നത സ്ഥാനീയമാണ്. ഉദാഹരണമായി أقيموا الصلوة 'നിങ്ങൾ നമസ്കാരം നിലനിർത്തുക' (അൻആം:72) എന്നത് അല്ലാഹുവിൽ നിന്ന് താഴേക്ക് വരുന്ന ശാസനയാണ്. അതേസമയം, اللهم صل على محمد وعلى آله (അല്ലാഹുവേ നീ മുഹമ്മദ് നബി(സ)ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും അനുഗ്രഹം ചൊരിയേണമേ) എന്നത് പദപരമായി കൽപനക്രിയയാണെങ്കിലും, താഴെ നിന്ന് മുകളിലേക്കായതിനാൽ, സ്ഥാനമാറ്റം കാരണം അർഥമാറ്റം സംഭവിക്കുന്നു. കാരണം, അല്ലാഹുവിന്റെ അടിമകൾക്ക് അല്ലാഹുവിനോട് കൽപിക്കാൻ കഴിയില്ല. അപ്പോൾ വാചകത്തിന്റെ ആശയം പ്രാർഥനയായിമാറുന്നു. സമസ്ഥാനീയർ തമ്മിലാണ് ആവശ്യം ഉന്നയിക്കുന്നതെങ്കിൽ അത് കൽപനയോ, പ്രാർത്ഥനയോ ആവുന്നില്ല.

ദൈവികവാക്യം സ്വാഭാവികമായും ഉന്നതമായിരിക്കും. കാരണം അത് അല്ലാഹു മനുഷ്യരോട് നടത്തുന്ന സംഭാഷണമാണ്. അനുശാസനാ സ്വരത്തിലുള്ള ഇത്തരം സംസാരം ഒന്നേ ഉണ്ടാവുകയുള്ളൂ. കേവലമായ സത്യത്തിന്റെ, കേവലമായ വിജ്ഞാനത്തിന്റെ, കേവലമായ യുക്തിയുടെ ശബ്ദം അഥവാ സംസാരം. ഖുർആൻ സൂക്തങ്ങൾ സംഭാഷണ പശ്ചാതലത്തിലായല്ല, സന്മാർഗത്തിന്റെയും അധ്യാപനത്തിന്റെയും കൽപനയുടെയും മറ്റും രീതിയിലും സ്വരത്തിലുമാണ് അവതീർണമായിട്ടുള്ളത്. സമുന്നത സ്വഭാവത്തോടെയായതിനാൽ അത് ഏകസ്വരമായിരിക്കും, ബഹുസ്വരമായിരിക്കില്ല, സംഭാഷണ പ്രധാനമായിരിക്കില്ല. എന്നിട്ടും ഖുർആനിൽ 1722 തവണ സംഭാഷണ ശൈലി സ്വീകരിച്ചിരിക്കുന്നു. ഇവയിൽ അമ്പത് ശതമാനം അല്ലാഹു, പ്രവാചകന്മാർ, സ്വാലിഹുകൾ, മലക്കുകൾ, സത്യവിശ്വാസികൾ എന്നിവരുടേതും അമ്പത് ശതമാനം സത്യനിഷേധികൾ, ബഹുദൈവവിശ്വാസികൾ, നിരീശ്വരവാദികൾ, കപടവിശ്വാസികൾ മുതലായവരുടേതുമാണ്. ചുരുക്കത്തിൽ, ഖുർആനിൽ അല്ലാഹു പ്രതിയോഗികൾക്കായി അമ്പത് ശതമാനം സംഭാഷണാവസരം നൽകിയിരിക്കുന്നു!

**3**

പ്രതിയോഗികളുടെ അഭിപ്രായങ്ങൾ മിഥ്യയും മാർഗഭ്രംശവും സത്യത്തിന്റെ അംശലേശം പോലുമില്ലാത്തതാണെങ്കിലും അല്ലാഹു അവർക്ക് ധാരാളം അവസരം നൽകുന്നു. അതേ

സമയം, തെറ്റാവാനും ശരിയാവാനും ഒരുപോലെ സാധ്യതയുള്ള മുസ്‌ലിംകൾ ഉൾപ്പെടെയുള്ള മനുഷ്യർ ഖുർആൻ മനസ്സിലാക്കുന്നതിലെ വീഴ്ചകാരണം അല്ലാഹുവായി ചമയുകയാണ്. മറ്റുള്ളവരുമായി സംഭാഷണം നടത്താനാവണം നാം ഖുർആൻ പഠിക്കുന്നത്. 'നാം ഈ ഖുർആനെ ഒരു പർവതത്തിന്മേൽ ഇറക്കിയിരുന്നുവെങ്കിൽ അത് അല്ലാഹുവിനോടുള്ള ഭയത്താൽ ഭയന്ന് വിറച്ച് പൊട്ടിത്തകരുന്നത് താങ്കൾക്ക് കാണാമായിരുന്നു. (ഹശ്ർ:21). എന്ന സൂക്തം അല്ലാഹുവിന്റെ വചനത്തിന്റെ ഭാരമാണ് സൂചിപ്പിക്കുന്നത്. ഇക്കണ്ട ഭാരമെല്ലാം ഉള്ളതോടൊപ്പം തന്നെ അല്ലാഹു പ്രതിയോഗികൾ ഉൾപ്പെടെയുള്ളവർക്ക് ഉദാരമായി അവസരം നൽകുകയുണ്ടായി.

**ചില ഉദാഹരണങ്ങൾ കാണുക:**

അല്ലാഹുവിന്റെ ആസ്തികൃത്തെത്തന്നെ പൂർണമായി നിരാകരിച്ചിരുന്ന നിഷേധികൾക്ക് അവരുടെ വാദം ഉന്നയിക്കാൻ അവസരം നൽകുന്നു:

وَقَالُوا مَا هِيَ إِلاَّ حَيَاتُنَا الدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَا إِلاَّ الدَّهْرُ

'അവർ പറഞ്ഞു: നമ്മുടെ ഈ ഐഹികജീവിതമല്ലാതെ ജീവിതമില്ല തന്നെ. നമ്മുടെ മരണവും ജീവിതവും ഇവിടെത്തന്നെ. കാലചക്രമല്ലാതെ മറ്റൊന്നും നമ്മെ നശിപ്പിക്കുന്നില്ല' (ജാസിയഃ24)

യഹൂദികളുടെ വാദം ഉദ്ധരിക്കുന്നു:

وَقَالَتْ الْيَهُودُ يَدُ الله مَغْلُولَة

'യഹൂദികൾ പറഞ്ഞു: അല്ലാഹുവിന്റെ കൈ കെട്ടപ്പെട്ടിരിക്കുന്നു' (മാഇദഃ 64).


ക്രൈസ്തവരുടെ വാദം ഉന്നയിക്കുന്നു:

إن الله ثَالِثُ ثَلاثَة

'തീർച്ചയായും അല്ലാഹു മൂന്നു പേരിൽ മൂന്നാമനാണ്' (മാഇദഃ 73).

എല്ലാ കാപട്യങ്ങളെയും അപടകരമായ രീതിയിൽ തത്ത്വശാസ്ത്രവൽക്കരിക്കുന്ന കപടവിശ്വാസികൾക്കു പോലും ഖുർആൻ യഥേഷ്ടം അവസരം നൽകുന്നു. ഉദാഹരണം:

'അല്ലാഹു നിങ്ങൾക്കേകിയ വിഭവത്തിൽ നിന്ന് കുറച്ചൊക്കെ അല്ലാഹുവിന്റെ മാർഗത്തിലും വ്യയം ചെയ്യുവിൻ എന്നു ഇവരോട് പറയപ്പെടുമ്പോൾ, അവിശ്വസിച്ചവർ വിശ്വസിച്ചവർക്ക് മറുപടി കൊടുക്കുന്നു: അല്ലാഹു വിചാരിച്ചിരുന്നുവെങ്കിൽ അവൻ തന്നെ ആഹാരം നൽകുമായിരുന്ന അവർക്ക് ഞങ്ങൾ ആഹാരം നൽകണമെന്നോ? നിങ്ങൾ വ്യക്തമായും പിഴച്ചുപോയല്ലോ' (യാസീൻ:47). അല്ലാഹുവാണ് മനുഷ്യരെ ഐശ്വര്യവാന്മാരോ, ദരിദ്രരോ, ഉയർന്നവരോ, താഴ്ന്നവരോ ഒക്കെയാക്കുന്നത്. ഈ സാഹചര്യത്തിൽ ഞങ്ങളെന്തിന് സകാത്തും ദാനധർമ്മങ്ങളും നിർവഹിക്കണം, സഹായിക്കണമെങ്കിൽ അല്ലാഹു തന്നെ നേരിട്ട് സഹായിച്ചാൽ പോരെ എന്നതാണ് കപടവിശ്വാസികളുടെ വാദം. വിശ്വാസികളെ പോലും സ്വാധീനിക്കാവുന്ന അത്യന്തം അപകടം പിടിച്ച വാദമാണ് ഇത്. എന്നിട്ടും ഒരു മറുകുറിപ്പു പോലുമില്ലാതെ ഖുർആൻ അതപ്പടി ഉദ്ധരിച്ചിരിക്കുകയാണ്. ഇതുപോലെ, മറ്റു ചില പിഴച്ചചിന്തകളെയും ഖുർആൻ ഇതേവിധം അവതരിപ്പിക്കുന്നുണ്ട്.




**'അവൻ പറഞ്ഞു' , 'അവർ പറഞ്ഞു', 'അവർ പറയുന്നു', 'അവരുടെ വാക്ക്" മുതലായവ, സംസാരത്തിന് തുടക്കം കുറിച്ച ഒരു അപരന്റെ നിറസാന്നിധ്യം വ്യക്തമായും സൂചിപ്പിക്കുന്നു. ഒരു മനുഷ്യ രചനയിൽ അപരസാന്നിധ്യം ഇത്രയും വർധിതരീതിയിൽ കണ്ടാൽ നാം മനസ്സിലാക്കുക, ഗ്രന്ഥകാരൻ മറ്റുള്ളവരുടെ അവകാശങ്ങൾ അംഗീകരിക്കുകയും അവർക്ക് സംഭാഷണത്തിന് തുറന്ന അവസരം നൽകുകയും ചെയ്യുന്നു എന്നാണ്, വ്യത്യസ്ത ശബ്ദങ്ങളും സംഭാഷണങ്ങളും ഉൽപാദിപ്പിച്ച് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു എന്നാണ്. ഇത് അല്ലാഹുവിന്റെ വചനസമാഹാരമായ ഖുർആനിലാകുമ്പോൾ കൂടുതൽ ശ്രദ്ധേയമാണ്.**

**4**

അല്ലാഹുവിന്നെതിരെ വാദമുന്നയിക്കുന്നവരുൾപ്പെടെയുള്ളവരെ ദുർബലരായോ പ്രാന്തവൽകൃതരായോ അല്ല ഖുർആൻ അവതരിപ്പിക്കുന്നത്. ഇന്ന് നമ്മുടെ പല മാധ്യമങ്ങളും തങ്ങൾ സംഘടിപ്പിക്കുന്ന ചർച്ചകളിൽ തങ്ങൾക്ക് മേൽകൈ ലഭിക്കാനായി ദുർബലരെയാണ് പ്രതിസ്ഥാനത്ത് നിർത്താറ്. തങ്ങൾ എല്ലാവർക്കും അവ

**അല്ലാഹുവാണ് മനുഷ്യരെ ഐശ്വര്യവാന്മാരോ, ദരിദ്രരോ, ഉയർന്നവരോ താഴ്ന്നവരോ ഒക്കെയാക്കുന്നത്. ഈ സാഹചര്യത്തിൽ ഞങ്ങളെന്തിന് സകാത്തും ദാനധർമ്മങ്ങളും നിർവഹിക്കണം, സഹായിക്കണമെങ്കിൽ അല്ലാഹു തന്നെ നേരിട്ട് സഹായിച്ചാൽ പോരെ എന്നതാണ് കപടവിശ്വാസികളുടെ വാദം. വിശ്വാസികളെ പോലും സ്വാധീനിക്കാവുന്ന അത്യന്തം അപകടം പിടിച്ച വാദമാണ് ഇത്. എന്നിട്ടും ഒരു മറുകുറിപ്പുപോലുമില്ലാതെ ഖുർആൻ അതപ്പടി ഉദ്ധരിച്ചിരിക്കുകയാണ്.**

സരം നൽകുന്നുണ്ടെന്നുവരുത്താനും തങ്ങൾ വാദത്തിൽ ജയിച്ചു എന്ന് സ്ഥാപിക്കാനും അതവർ ഉപയോഗപ്പെടുത്തുന്നു. ഖുർആനിൽ ഇത്തരം കുതന്ത്രപ്രയോഗങ്ങളില്ല. മറ്റുള്ളവർക്ക് അവസരം പാടെ നിഷേധിച്ച് അങ്ങനെയൊരാൾ ഇല്ലേയില്ല എന്ന് സ്ഥാപിക്കുന്നതാണ് ഇന്ന് കണ്ടുവരുന്ന ഒരുരീതി. മറ്റുള്ളവർക്ക് അവസരം നൽകിയ ശേഷം അവരുടെ സംസാരത്തെ വികൃതമായും തലയും വാലും മുറിച്ചും അവതരിപ്പിക്കുയാണ് മറ്റൊന്ന്. എന്നാൽ ഖുർആൻ പ്രതിയോഗികൾക്ക് തങ്ങളുദ്ദേശിക്കുന്ന ആശയം ശക്തമായിത്തന്നെ അവതരിപ്പിക്കാൻ സ്വാതന്ത്ര്യം അനുവദിക്കുന്നു.

**5**

പ്രതിയോഗികൾ ഉൾപ്പെടെയുള്ളവരുടെ സംഭാഷണങ്ങൾ സാഹിത്യസൗന്ദര്യമോ ശൈലീ സൗകുമാര്യമോ നഷ്ടപ്പെടാതെയാണ് ഉദ്ധരിക്കുന്നതെന്നതാണ് ഖുർആനിലെ ശ്രദ്ധേയമായ മറ്റൊരു വശം. അല്ലാഹുവിന്റെ സംസാരം ഉന്നതശൈലിയിലും അപര സംഭാഷണങ്ങൾ ദുർബലവും നിലവാരം കുറഞ്ഞ ശൈലിയിലും എന്നതല്ല ഖുർആന്റെ രീതി. പ്രത്യുത ഖുർആന്റെ സാഹിത്യസൗന്ദര്യം അല്ലാഹുവിന്റെയും പ്രതിയോഗികളുടെയും സംഭാഷണങ്ങളിൽ ഒരേപോലെ ദൃശ്യമാണ്. ഉദാഹരണം: മരണാനന്തരം ജീവിതമില്ലെന്ന് പ്രകാശിപ്പിക്കാനായി

إنْ هِيَ إلاّ أرحام تَدْفع وأرض تبلع

'ഗർഭപാത്രങ്ങൾ പുറംതള്ളുന്നു. ഭൂമി വിഴുങ്ങുന്നു (അത്രമാത്രം) എന്ന് പരലോകനിഷേധികൾ മനുഷ്യജീവിതത്തെക്കുറിച്ച് പറഞ്ഞിരുന്നു. ഇത് ഖുർആൻ വളരെ സുന്ദരമായ ഭാഷാ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

وَقَالُوا مَا هِيَ إلاّ حَيَاتُنَا الدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَا إلاّ الدَّهْر

'അവർ പറഞ്ഞു: ഞങ്ങളുടെ ഐഹിക ജീവിതം ഇതല്ലാതെ മറ്റൊന്നുമല്ല. ഞങ്ങൾ മരിക്കുന്നു, ജീവിക്കുന്നു. (അത്രമാത്രം) കാലചക്രം മാത്രമാണ് ഞങ്ങളെ നശിപ്പിക്കുന്നത്) (ജാസിയഃ 24).

പരലോകനിഷേധികളുടെ വാചകത്തേക്കാൾ എന്തുകൊണ്ടും സുന്ദരവും ആശയവ്യക്തവുമാണ് ഖുർആന്റെ പ്രയോഗം. ഖുർആൻ എടുത്തുദ്ധരിച്ചതോടെ അവർക്ക് ചരിത്രസാന്നിധ്യമായി. ആശയപരവും അവതരണ സൗന്ദര്യപരവുമായി അവസരമായി.

**6**

അല്ലാഹുവിന്റെ വചനമായ ഖുർആൻ അപരാഭിപ്രായങ്ങളെ ശാശ്വതവൽക്കരിക്കുന്നു. ഖുർആനെ ശാശ്വതമായി സംരക്ഷിച്ചുകൊള്ളാമെന്ന് അവൻ സ്വയം ഉത്തരവാദമേറ്റിരിക്കുന്നു. മുൻവേദഗ്രന്ഥങ്ങളുടെ സംരക്ഷണം അതാത് സമൂഹങ്ങളെ ഏൽപ്പിക്കുകയായിരുന്നു. ഖുർആനെ സേവിക്കാനായി കൈയെഴുത്തുമുതൽ ഖുർആനികാശയങ്ങൾ വരെ ബന്ധപ്പെട്ട് വലിയൊരു പറ്റം പണ്ഡിതന്മാരുടെ സേനകൾ തന്നെ പ്രവർത്തിക്കുകയുണ്ടായി. പ്രതിയോഗികളുടേതുൾപ്പെടെയുള്ള അഭിപ്രായങ്ങൾ ശാശ്വതമായി സംരക്ഷിക്കപ്പെടുമാറ് ഖുർആനുമായി ബന്ധപ്പെട്ട് മുപ്പതിലധികം വിഷയങ്ങളിൽ സ്പെഷലൈസേഷൻ നടക്കുകയുണ്ടായി.

**7**

ഖുർആൻ മിക്കവാറും സന്ദർഭങ്ങളിൽ പ്രതിയോഗികളുടെ വാദങ്ങൾക്ക് മറുപടി പറയാതെ അവരെ തുടരാൻ അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. അത് മുസ്‌ലിമിന്റെ ബുദ്ധിയ്ക്കുമേൽ ഉപദേശിയായി നിൽക്കാതെ, അവന്ന് സമഗ്രമായ കാഴ്ചപ്പാടും, തെളിഞ്ഞ ആദർശവും, സുരക്ഷിതമായ ഗ്രഹണ രീതിയും നൽകി നിഷേധവും മിഥ്യയുൾപ്പെടെയുള്ള ചിന്തകളെ സ്വന്തം നിലയിൽ വ്യവച്ഛേദിച്ചു മനസ്സിലാക്കാൻ അവസരമൊരുക്കിയിരിക്കുകയാണ്.

അപരാഭിപ്രായങ്ങൾക്ക് മറുപടി പറയാതെ, ഖുർആന്റേതായ സുന്ദര ആടകൾ അണിയിച്ച് അവയെ ശാശ്വതവൽക്കരിക്കുന്ന ഈ രീതിയേക്കാൾ ഉന്നതമായ സംഭാഷണം വേറെയുണ്ടോ? പ്രതിയോഗികൾ മരിച്ചുനാമാവശേഷമായിട്ടും അവരുടെ ചിന്തകളും സംഭാഷണങ്ങളും ഇത്രമേൽ ഭംഗിയോടെ സംരക്ഷിക്കപ്പെടുന്നു എന്നത് ചിന്തനീയമല്ലെ?

ഇത്രയും വായിച്ചതിൽ നിന്ന്, മറ്റുള്ളവരുടെ അഭിപ്രായങ്ങളുടെ നേരെ തുറന്ന നിലപാടെടുക്കണമെന്ന പാഠമാണ് നമുക്ക് ലഭിക്കുന്നത്. അപരാഭിപ്രായങ്ങൾ ശരിയല്ലാതിരിക്കാം, പക്ഷെ അവർക്ക് അഭിപ്രായം പ്രകാശിപ്പിക്കാൻ അവകാശമുണ്ടെന്ന് നാം അംഗീകരിച്ചുകൊടുത്തിരിക്കണം. വാദങ്ങൾ ശരിയാണോ എന്നത് സത്യാന്വേഷണ ത്വരയോടെ നാം കണ്ടെത്തേണ്ടതാണ്. നമ്മുടെയും അപരരുടെയും അഭിപ്രായങ്ങൾക്കിടയിൽ വിഷയപരമായ തള്ളിച്ചയുണ്ടാകുമ്പോഴെ അവയിലെ ശരി

തെറ്റുകൾ വ്യവഛേദിക്കപ്പെടുകയുള്ളൂ.

ഇസ്‌ലാമിന്ന് അതിന്റെ സ്വത്വശേഷിയിൽ വിശ്വാസമുണ്ട്. ആശയങ്ങളുടെ സത്യതയാണ് അതിന് ശേഷിപകരുന്നത്. അതുകൊണ്ട് തന്നെ മിഥ്യകളെ തകർക്കാൻ അവ പ്രാപ്തമാണ്.

بل نقذف بالحق علَى البَاطِلِ فيدمغه فإذا هو زاهق ولكم الويل مما تصفون

'പക്ഷെ നാം സത്യം കൊണ്ട് മിഥ്യയിന്മേൽ ഇടിക്കുകയാകുന്നു. അങ്ങനെ, സത്യം മിഥ്യയുടെ ശിരസ്സുടക്കുന്നു. അപ്പോൾ കാണെക്കാണെ അത് തിരോഭവിക്കുന്നു. നിങ്ങൾ ചമച്ചുകൊണ്ടിരിക്കുന്ന ഈ വർത്തമാനങ്ങൾ നിമിത്തം നാശമാണ് നിങ്ങൾക്കുള്ളത്' (അമ്പിയാഅ്:18). സൂക്തത്തിലെ ويل (നാശം) എന്നതിന്റെ വിവക്ഷ, പ്രതിയോഗികളുടെ വാദം തെളിവിന്റെ പിൻബലമില്ലാത്തതാണ്, അല്ലാതെ താക്കീത് എന്ന അർത്ഥത്തിലല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, സംഭാഷണങ്ങൾ നടക്കുന്നതിനിടെ ഒരു കക്ഷി മറു കക്ഷിയോട് 'നാശം' എന്നുപറയുന്നത് സംഭാഷണത്തെ അടിച്ചമർത്തുന്നതിനും തദ്വാരാ അപരാഭിപ്രായ പ്രകാശനങ്ങളെ നിഷേധിക്കുന്നതിനും തുല്യമാണ്. ഇത് സന്ദർഭവുമായും ഖുർആന്റെ മൊത്തം ചൈതന്യവുമായും യോജിക്കാത്ത നടപടിയാണ്.

ഇസ്‌ലാമിന്ന് അതിന്റേതായ സ്വത്വശേഷിയുണ്ട്. സത്യത്തിൽ ഗുപ്തമായിക്കിടക്കുന്ന സ്വത്വശേഷിയാണത്. ഇതുപോലെ, മിഥ്യയുടെ സ്വത്വബലഹീനതയും അതിന്റേതായ സഹജ ദൗർബല്യമാണ്. അതുകൊണ്ടാണ് മിഥ്യ പുറമെനിന്ന് ശക്തിസംഭരിക്കുന്നത്. ഖുർആൻ സമർപ്പിക്കുന്ന തെളിവുകളും ചിന്തകളും മിഥ്യാവാദങ്ങളെ തകർക്കാൻ മാത്രം ശക്തമാണ്. തന്നെയുമല്ല, ഇസ്‌ലാം മുഴുശക്തിയുമുപയോഗിച്ച് ലോകാവസാനം വരെ തുറന്ന വെല്ലുവിളി ഉയർത്തിക്കൊണ്ടേയിരിക്കുന്നു. എല്ലാ നാഗരികതകളുടെയും വിജ്ഞാനങ്ങളുടെയും മുമ്പാകെ ഈ വെല്ലുവിളി പ്രാബല്യത്തിലുണ്ട്. സ്ഥല-കാലങ്ങളോ, അളവോ തരമോ അതിന് ബാധകമല്ല. അതായത്, അത് ശാശ്വതമായ വെല്ലുവിളിയാണ്. സ്വഹാബികൾക്ക് അതിശക്തമായ സത്യവിശ്വാസമുണ്ടായിരുന്നതിനാലും അവർ ആ ബലത്തിൽ മിഥ്യയെ തകർത്തതിനാലും അവരുടെ കാലത്ത് മിഥ്യ തകർന്നിരിക്കണം. എന്നാൽ, അവർക്കുശേഷമുള്ള ജനവിഭാഗങ്ങൾക്ക് കൂടുതൽ ശക്തവും പ്രബലവുമായ വിജ്ഞാനശാസ്ത്രങ്ങളും നാഗരികതകളും സ്വരൂക്കൂട്ടി ഖുർആന്റെ വെല്ലുവിളി സ്വീകരിക്കാവുന്നതാണ്. ഈ സാധ്യത അംഗീകരിക്കുന്ന ഖുർആൻ, അന്ന് നിലവിലില്ലാതിരുന്നതും, അപ്രതീക്ഷിതവും, ഇതര കോണുകളിലൂടെ ഉന്നയിക്കാവുന്നതുമായ അനന്തമായ സാധ്യതകളെയെല്ലാം മുന്നിൽ കണ്ടിട്ടും ഈ വെല്ലുവിളി സ്വീകരിക്കാൻ ലോകാവസാനം വരെ അവസരം തുറന്നിടുന്നു. ഖുർആനിലെ വെല്ലുവിളിവാചകം പുണ്യ പ്രതീക്ഷയോടെ പാരായണം ചെയ്യപ്പെടുകയും, അപരാഭിപ്രായങ്ങൾക്ക് അവസരം തുറന്നിടുന്നത് ഇബാദത്തെന്ന നിലയിൽ നമ്മുടെ ജീവിതത്തിന്റെ ഭാഗവുമായി മാറുന്നു. ലോകാവസാനം വരെയുള്ള സ്ഥല-കാല വിശാലതയിൽ പ്രതിയോഗികൾക്ക് ചരിത്രപരവും വൈജ്ഞാനികവുമായ സാന്നിധ്യം ഉറപ്പുവരുത്തുന്നു.




ഖുർആന്റെ ഈ നിലപാട് ചരിത്രപരമായി പരിശോധിച്ചാലും ഇത് കൂടുതൽ വ്യക്തമായി ബോധ്യമാവും. ഖുർആൻ സ്കൂളിലെ പ്രഥമനും പ്രധാനിയുമായ വിദ്യാർത്ഥിയാണ് നബി(സ). തിരുമേനി (സ) മുഖേന സ്വഹാബികളുടെ തലമുറകൾക്കും ഖുർആൻ പഠനത്തിന് അവസരമുണ്ടായി. അവിടുത്തെ ചരിത്രത്തിൽ നിന്ന് ഒരു സംഭവം ഇവിടെ ഉദ്ധരിക്കാം:

**ഖുർആൻ സൂക്തങ്ങൾ സംഭാഷണ പശ്ചാതലത്തിലായല്ല, സന്മാർഗത്തിന്റെയും അധ്യാപനത്തിന്റെയും കൽപനയുടെയും മറ്റും രീതിയിലും സ്വരത്തിലുമാണ് അവതീർണമായിട്ടുള്ളത്. സമുന്നത സ്വഭാവത്തോടെയായതിനാൽ അത് ഏകസ്വരമായിരിക്കും, ബഹുസ്വരമായിരിക്കില്ല, സംഭാഷണ പ്രധാനമായിരിക്കില്ല. എന്നിട്ടും ഖുർആനിൽ 1722 തവണ സംഭാഷണ ശൈലി സ്വീകരിച്ചിരിക്കുന്നു. ഇവയിൽ അമ്പത് ശതമാനം അല്ലാഹു, പ്രവാചകന്മാർ, സ്വാലിഹുകൾ, മലക്കുകൾ, സത്യവിശ്വാസികൾ എന്നിവരുടേതും അമ്പത് ശതമാനം സത്യനിഷേധികൾ, ബഹുദൈവവിശ്വാസികൾ, നിരീശ്വരവാദികൾ, കപടവിശ്വാസികൾ മുതലായവരുടേതുമാണ്. ചുരുക്കത്തിൽ, ഖുർആനിൽ അല്ലാഹു പ്രതിയോഗികൾക്കായി അമ്പത് ശതമാനം സംഭാഷണാവസരം നൽകിയിരിക്കുന്നു!**

ഈ സ്കൂളിന് أو قد فرغت يا بن الوليد (വലീദിന്റെ പുത്രാ! താങ്കൾ പറഞ്ഞു കഴിഞ്ഞോ?) എന്ന് പേര് നൽകാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. നബി(സ)യെ ഇസ്‌ലാമിക പ്രബോധനത്തിൽ നിന്ന് പിന്തിരിപ്പിച്ച്, ഭൗതിക താൽപര്യങ്ങളിൽ കുരുക്കിയിടാനുള്ള തന്ത്രങ്ങളുമായി ശത്രുക്കൾ

**ഖുർആൻ മിക്കവാറും സന്ദർഭങ്ങളിൽ പ്രതിയോഗികളുടെ വാദങ്ങൾക്ക് മറുപടി പറയാതെ അവരെ തുടരാൻ അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. അത് മുസ്‌ലിമിന്റെ ബുദ്ധിയ്ക്കുമേൽ ഉപദേശിയായി നിൽക്കാതെ, അവന്ന് സമഗ്രമായ കാഴ്ചപ്പാടും, തെളിഞ്ഞ ആദർശവും, സുരക്ഷിതമായ ഗ്രഹണ രീതിയും നൽകി നിഷേധവും മിഥ്യയുൾപ്പെടെയുള്ള ചിന്തകളെ സ്വന്തം നിലയിൽ വ്യവഛേദിച്ചു മനസ്സിലാക്കാൻ അവസരമൊരുക്കിയിരിക്കുകയാണ്.**

മുഗീറത്തുബ്നുൽ വലീദിനെ നിയോഗിക്കുകയുണ്ടായി. മുഗീറഃ തിരുമേനി(സ)യെ സമീപിച്ച് പറഞ്ഞു: 'മുഹമ്മദ്! ഞാൻ ഖുറൈശികളുടെ പ്രതിനിധിയാണ്. നീ രോഗിയാണെങ്കിൽ ആവശ്യമായ മരുന്ന് സംഘടിപ്പിച്ചു തരാം, അധികാരമാണവശ്യമെങ്കിൽ നിന്നെ ഞങ്ങളുടെ അധികാരിയാക്കാം, സമ്പത്താണ് വേണ്ടതെങ്കിൽ നിനക്ക് തൃപ്തിയാവോളം സമ്പത്ത് തരാം, സ്ത്രീകളെയാണ് വേണ്ടതെങ്കിൽ ഞങ്ങളുടെ സുന്ദരികളായ പെൺകുട്ടികളെ വിവാഹം ചെയ്തുതരാം' മുഗീറയുടെ ഈ സംസാരത്തിൽ നബി(സ)ക്ക് തെരഞ്ഞെടുക്കാനുള്ള ചില ചോയ്സുകളാണുള്ളത്; യഥാർത്ഥ സംഭാഷണത്തിനുള്ള അവസരമില്ല. ഓഫറുകൾ നിരത്തിയുള്ള സംസാരം അടിമുടി പരിഹാസദ്യോതകമാണ്. മറ്റൊരു വിധം പറഞ്ഞാൽ, നീ അവസരവാദിയോ, ഭ്രാന്തനോ, ലൈംഗികവികാരജീവിയോ അധികാരമോഹിയോ ആണ്, അതിനപ്പുറം അഞ്ചാമതൊരു സാധ്യതയില്ല എന്ന തരത്തിലാണ് മുഗീറയുടെ സംസാരം. പ്രവാചകനാണെങ്കിൽ തെളിവ് തരൂ അല്ലെങ്കിൽ നമുക്ക് സംസാരിക്കാം എന്നൊന്നും നിർദ്ദേശമുണ്ടായില്ല. നിങ്ങൾ മിഥ്യയുടെ പക്ഷത്താണ് എന്ന ഏകപക്ഷീയമായ നിലപാടായിരുന്നു മുഗീറയുടേത്. ഇന്നത്തെ പാശ്ചാത്യർ മുസ്‌ലിംകളുമായി സംവദിക്കുന്നത് ഏതാണ്ട് ഈ വിധമാണ്. ചില സാധ്യതകൾ നിരത്തിയിട്ട് അതിലേതെങ്കിലുമൊന്ന് തെരഞ്ഞെടുത്തുകൊള്ളാനുള്ള ഏകപക്ഷീയമായ ആഹ്വാനം. നബി(സ)യെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ ഏറ്റവും വലിയ മൂലധനം തന്റെ സത്യസന്ധതയാണ്. ചോദ്യം ചെയ്യപ്പെടുന്നത് നമ്മുടെ സത്യസന്ധതയാണെങ്കിൽ നാം പ്രകോപിതരായി പ്രതിയോഗിയെ പ്രഹരിച്ചുപോവും. നബി(സ)യാകട്ടെ, പ്രതിയോഗിക്ക് പറയാനുള്ളത് പറഞ്ഞുതീർക്കാൻ യഥേഷ്ടം അവസരം നൽകി. എല്ലാം പറഞ്ഞുതീർന്നപ്പോൾ 'വലീദിന്റെ പുത്രാ! നിങ്ങൾ പറഞ്ഞു കഴിഞ്ഞോ?' എന്നായിരുന്നു തിരുമേനി(സ)യുടെ പ്രതികരണം. അതായത്, ഇനിയും വല്ലതും പറയാനുണ്ടോ? സംസാരിക്കാൻ മറ്റൊരു അവസരം കൂടി വേണ്ടതുണ്ടോ? തുടർന്ന് നബി(സ) ഖുർആനിൽ നിന്ന് കുറച്ച് ഓതിക്കേൾപ്പിക്കുകയായിരുന്നു.

സത്യവാഹകനാവുക, സത്യത്തിനുവേണ്ടി ശബ്ദമുയർത്തുക എന്നതിനെക്കുറിച്ചെല്ലാം നമുക്ക് ഉപരിപ്ലവധാരണകളാണുള്ളത്. അതുകൊണ്ടാണ്, ഇതരരുമായി സംസാരിക്കുമ്പോൾ നാം പക്ഷപാതികളാവുന്നതും, പ്രകോപിതരാവുന്നതും, ശബ്ദമുയർത്തുന്നതും, വലിപ്പത്തരം നടിക്കുന്നതും, അവരെ ആക്രമിക്കാൻ വരെ തയ്യാറാവുന്നതും. മറ്റുള്ളവർക്ക് യഥേഷ്ടം സമയം അനുവദിച്ചും ശാന്തമായും സഹിഷ്ണുതാപൂർവ്വവും സംസാരിക്കുന്നയാൾക്ക് എന്തോ ബലഹീനതയുണ്ടെന്നാണ് നാം സാധാരണയായി വിധിയെഴുതുക. ഇവിടെ നബി(സ)യിൽ നിന്ന് പഠിക്കേണ്ട ഒരു പാഠമുണ്ട്. 'അവർ എന്റെ വലതു കൈയിൽ സൂര്യനെയും ഇടതുകൈയിൽ ചന്ദ്രനെയും വെച്ചുതന്നാൽ പോലും ഞാൻ ഇക്കാര്യം ഉപേക്ഷിക്കുന്ന പ്രശ്നമില്ല' എന്ന് പ്രഖ്യാപിച്ച അതേനബി(സ) തന്നെയാണ്, മുഗീറക്ക് കൂടുതൽ അവസരം നൽകിയത്.

വിഷയവുമായി ബന്ധപ്പെട്ട ശ്രദ്ധേയമായൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. പ്രമുഖ നബിചരിത്രകാരനായ ഇബ്നു ഇസ്ഹാഖിന്റെ നാല് വാള്യങ്ങളുള്ള സീറഃയെ ആധാരമാക്കി ഡോ: ആഇശഃ അബ്ദുർറഹ്മാൻ (ബിൻതുശ്ശാത്വിഅ്), ഇസ്‌ലാം കവിതയെ ദുർബലമാക്കി എന്ന വാദം പരിശോധിക്കുകയുണ്ടായി. ഇതിന്നായി മുസ്‌ലിംകളും ശത്രുക്കളും തമ്മിൽ നടന്ന കവിതാ രീതിയിലുള്ള ആക്രമണങ്ങളെ വിലയിരുത്തിയതിൽ നിന്ന് മനസ്സിലായത്, ഇബ്നുഹിശാമിന്റെ സീറഃയിലെ ആയിരം ഈരടികളിൽ അഞ്ഞൂറെണ്ണം മുസ്‌ലിംകളുടേതും, അഞ്ഞൂറെണ്ണം ശത്രുക്കളുടേതുമാണെന്നാണ്. ഇബ്നുഹിശാം എണ്ണം കൃത്യമാക്കി ഇത് ബോധപൂർവ്വം ക്രോഡീകരിച്ചതായിരിക്കില്ല. പ്രതിയോഗികൾക്ക് തുല്യ അവസരം നൽകുകയെന്നത് മുസ്‌ലിംകളുടെ സ്വത്വത്തിൽ തന്നെ ഇഴുകിച്ചേർന്ന ഗുണമായത്കൊണ്ടാവണം ഇങ്ങനെ സംഭവിച്ചത്.

മുസ്‌ലിംകൾ അഞ്ഞൂറും ശത്രുക്കൾ മുവ്വായിരവും ഈരടികൾ രചിച്ചതിൽ നിന്ന് മാതൃകയയായി ഇബ്നുഹിശാം അഞ്ഞൂറ് വീതം ശേഖരിച്ചതല്ല. എന്തുകൊണ്ടെന്നാൽ ഹസ്സാനുബ്നു സാബിത്ത് തന്നെ മൊത്തം ഖുറൈശി കവികളുടെ രചനകളേക്കാൾ കൂടുതൽ കവിതകൾ ആവിഷ്കരിച്ചിട്ടുണ്ട്. അറബിസാഹിത്യ ചരിത്രം പരിശോധിച്ചാൽ പൊതുവെ നഗരവാസികളായ ഖുറൈശികളുടെ കവിത കുറച്ചേ ഉള്ളൂ എന്നും കാണാം. അന്നേക്ക് രണ്ടുനൂറ്റാണ്ടുമുമ്പ് ഇംറിഉൽ ഖൈസ് സ്ഥാപിച്ച കവിതാ പ്രസ്ഥാനത്തോട് ഏറ്റവും അടുത്തുണ്ടായിരുന്നത് മദീനക്കാരായിരുന്നു. മുസ്‌ലിംകളും പ്രതിയോഗികളും തമ്മിൽ നടന്ന ആക്ഷേപകാവ്യങ്ങൾ നീതിപൂർവകമായി അവതരിപ്പിക്കാൻ ഇബ്നു ഹിശാമിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്.

*(അടുത്തലക്കത്തിൽ അവസാനിക്കും)*

പാകിസ്ഥാനിലെ പ്രമുഖ ഇസ്‌ലാമിക ഗവേഷകനും രാഷ്ട്രീയ പ്രവർത്തകനുമാണ് ലേഖകൻ